കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - എഞ്ചിനീയറിംഗ് വിഭാഗം - ജീവനക്കാര്യം - വിവിധ കോർപറേഷനുകളിൽ കരാറടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട എൻവയോൺമെന്റൽ എൻജിനീയർമാരുടെയും സ്ട്രക്ചറൽ എൻജിനീയർമാരുടെയും നിയമനാനുമതി ദീർഘിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഇഡബ്ല്യു) വകുപ്പ്**

സ.ഉ.(സാധാ) നം.1475/2019/തസ്വഭവ. തീയതി, തിരുവനന്തപുരം, 16.7.2019

---

പരാമർശം :-1. സ.ഉ(സാധാ) നം.1311/2018/തസ്വഭവ തീയതി 10.05.2018.

2. സ.ഉ(സാധാ) നം.3027/2018/തസ്വഭവ തീയതി 29.11.2018.

3. തിരുവനന്തപുരം നഗരസഭാ സെക്രട്ടറിയുടെ 17.05.2019 ലെ ജി.ഇ 5/ഇ 16/98755/17 നമ്പർ കത്ത്.

<u>ഉത്തരവ്</u>

2017-18 സാമ്പത്തിക വർഷത്തിൽ കരാറടിസ്ഥാനത്തിൽ 6 മാസത്തേക്ക് നിയമിക്കപ്പെട്ട എൻവയോൺമെന്റൽ എൻജിനീയർമാരുടെയും സ്ട്രക്ചറൽ എൻജിനീയർമാരുടെയും സേവനം തുടർന്നും ആവശ്യമുള്ള കോർപറേഷനുകൾ, ടി ജീവനക്കാരെ തുടർന്നും നിയമിക്കുന്നതിനും, അവരുടെ തനത് ഫണ്ടിൽ നിന്ന് ടി ഉദ്യോഗസ്ഥരുടെ വേതനം നൽകുന്നതിനും പരാമർശം (1) പ്രകാരം അനുമതി നൽകിയിരുന്നു. തുടർന്ന്, ടി ഉത്തരവ് പ്രകാരം നൽകിയിട്ടുള്ള അനുമതി ഉത്തരവ് തീയതി മുതൽ പരമാവധി ഒരുവർഷത്തേക്കു മാത്രമാണെന്ന് വ്യവസ്ഥ ചെയ്തു കൊണ്ട് പരാമർശം (2) പ്രകാരം ഉത്തരവായിരുന്നു.

2. തിരുവനന്തപുരം നഗരസഭയുടെ 19.09.2018 ലെ കൗൺസിൽ തീരുമാന പ്രകാരം നഗരസഭയിലെ എഞ്ചിനീയറിംഗ് വിഭാഗത്തിൽ 03.10.2018 മുതൽ 30.09.2019 വരെ സ്ട്രക്ച്ചറൽ എഞ്ചിനീയർ തസ്തികയിൽ കരാർ അടിസ്ഥാനത്തിൽ നിയമനം നൽകിയ ജീവനക്കാരിയുടെ താൽക്കാലിക സേവനത്തിനുള്ള അനുമതി, പരാമർശം (2) ഉത്തരവ് പ്രകാരം 10.05.2019 വരെ നിജപ്പെട്ടിരിക്കുന്നുവെന്നും, ടിയാളുടെ സേവനം നഗരസഭയ്ക്ക് തുടർന്നും ആവശ്യമായതിനാൽ ടിയാളെ 30.09.2019 വരെ തുടരുന്നതിന് അനുമതി നൽകണമെന്ന് നഗരസഭാ സെക്രട്ടറി പരാമർശം (3) പ്രകാരം ആവശ്യപ്പെടുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2017-18 സാമ്പത്തിക വർഷത്തിൽ കരാറടിസ്ഥാനത്തിൽ നിയമിതരായ എൻവയോൺമെന്റൽ എൻജിനീയർമാരുടെയും സ്ട്രക്ചറൽ എൻജിനീയർമാരുടെയും സേവനം തുടർന്നും ആവശ്യമുള്ള കോർപറേഷനുകൾക്ക്. ടി ജീവനക്കാരെ താൽക്കാലികമായി നിയമിക്കുന്നതിനുള്ള അനുമതി 30.09.2019 വരെ ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ശ്രീജിത്ത്. വി.പി**

**അണ്ടർ സെക്രട്ടറി**

1 ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
2 അക്കൗണ്ടന്റ് ജനറൽ (എ & ഇ/ഓഡിറ്റ്), കേരള, തൃശ്ശൂർ
3 ഡയറക്ടർ, നഗരകാര്യ വകുപ്പ് , തിരുവനന്തപുരം.
4 എല്ലാ കോർപറേഷൻ സെക്രട്ടറിമാർക്കും (നഗരകാര്യ വകുപ്പ് ഡയറക്ടർ മുഖേന )
5 ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
6 എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
7 തദ്ദേശസ്വയംഭരണ (ഡി എ ) വകുപ്പ്
8 വെബ്&ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
9 കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ